പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 49 11.06.2012 ലെ മറുപടിക്ക്

## പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിൻെറ പ്രയോജനം

ചോദ്യം ഉത്തരം

| | ശ്രീ. ഇ. ചന്ദ്രശേഖരൻ | ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ . ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | പെൻഷൻ പ്രായം വർദ്ധിപ്പിച്ച-തിൻെറ ഫലമായി ആകെ എത്ര പേർക്ക് ഇതിൻെറ പ്രയോജനം ലഭിച്ചുവെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ? | 2011-2012 ധനകാര്യ വർഷം 55 വയസ് പൂർത്തിയാക്കി ധനകാര്യ വർഷത്തിൻെറ അവസാന ദിവസമായ 2012 മാർച്ച് 31 ന് വിരമിക്കേണ്ടിയിരുന്ന 13,678 ജീവനക്കാർക്ക് ഇതിൻെറ പ്രയോജനം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |
| (ബി) | പെൻഷൻ പ്രായം വർദ്ധിപ്പിച്ചതി-ൻെറ ഫലമായി നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികകളിലെ എത്ര നിയമനങ്ങൾ വൈകിയിട്ടുണ്ട് എന്നറിയിക്കാമോ? | 31.03.2012 ൽ 13,678 ഓളം ജീവനക്കാർ വിരമിക്കേണ്ടിയിരുന്നു. തത്തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനും ആ വേക്കൻസി കളിൽ നിയമനം നൽകുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുള്ള തുകൊണ്ട് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വൈകാനുള്ള സാദ്ധ്യത കുറവാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം പി.എസ്.സി. പട്ടികകളുടെ കാലാവധി എത്ര വർഷം വീതം നീട്ടിയിട്ടുണ്ട് എന്നറിയിക്കാമോ ? | ഈ സർക്കാർ വന്നതിനു ശേഷം ആകെ 4 പ്രാവശ്യം പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.<br>1. 3 തവണയായി പരമാവധി ഒന്നര വർഷം ദീർഘിപ്പിച്ചത് - 191<br>2. 4 തവണയായി പരമാവധി ഒന്നര വർഷം ദീർഘിപ്പിച്ചത് - 165<br>3. 2 തവണയായി 11 മുതൽ 15 മാസം വരെ ദീർഘിപ്പിച്ചത് - 101<br>4. 1 തവണയായി 1 ദിവസം മുതൽ 10 മാസം വരെ ദീർഘിപ്പിച്ചത് - 417 |

സെക്ഷൻ ഓഫീസർ